Draft #2 of File 41821/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 14-Jan-2021 04:14 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വയംഭരണ കോളേജുകൾ- ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റിനായുള്ള അപേക്ഷകൾ- അംഗീകാരം/ ഡീമിങ് അംഗീകാരം ഉള്ള സിലബസുകളുടെ ട്രാൻസ്ക്രിപ്റ്റ് വിദേശ സർവ്വകലാശാല എന്നോ സ്വദേശ സർവ്വകലാശാലയെന്നോ വിവേചനം ഇല്ലാതെ സിലബസിന്റെ ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 402/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.01.2021

---

*പരാമർശം:*-1.31.12.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ . 77/20.06/41521/ACB7/1/2020

**ഉത്തരവ്**

ചങ്ങനാശ്ശേരി എസ്.ബി കോളേജ് (സ്വയംഭരണം)-ൽ നിന്നും 2018 വർഷം എം.ഫിൽ എൻവയോൺമെന്റൽ സയൻസ് പ്രോഗ്രാമിൽ പ്രവേശനം നേടി പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കിയ സജ്ന സലിം എന്ന വിദ്യാർത്ഥിനി കേരള സർവകലാശാലയിൽ ഉപരി പഠനത്തിനുള്ള ആവശ്യത്തിനായി സമർപ്പിക്കുന്നതിന് ടി പ്രോഗ്രാമിന്റെ സിലബസിന്റെ ട്രാൻസ്ക്രിപ്റ്റ് നൽകണമെന്ന് നിശ്ചിത ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

സ്വയംഭരണ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് സിലബസിന്റെ ട്രാൻസ്ക്രിപ്റ്റ് നൽകുന്ന വിഷയത്തിൽ, ഉപരി പഠനത്തിനും മറ്റുമായി ഇന്ത്യക്ക് വെളിയിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടെ സമർപ്പിക്കുന്നതിനായി സർവകലാശാല അംഗീകാരം/ഡീമിങ് അംഗീകാരം നൽകിയ സിലബസുകളുടെ ട്രാൻസ്ക്രിപ്റ്റ് നൽകാമെന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരം 5/9/2019-ൽ 2470/AcBVII/1/2019 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിലവിൽ സ്വയംഭരണ കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവർ പഠിച്ച സിലബസിന് സർവകലാശാലയുടെ അംഗീകാരം / ഡീമിങ് അംഗീകാരം ഉണ്ടെങ്കിൽ വിദേശത്ത് പഠനത്തിനും മറ്റാവശ്യങ്ങൾക്കും സർവകലാശാല സിലബസിന്റെ ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകാമെന്ന ഉത്തരവ് ഉണ്ട്. എന്നാൽ ഇന്ത്യയ്ക്കുള്ളിലെ ആവശ്യങ്ങൾക്കായി സ്വയംഭരണ കോളേജുകളിലെ സിലബസുകളുടെ ട്രാൻസ്ക്രിപ്റ്റ് ഇപ്പോൾ നൽകപ്പെടുന്നില്ല.

സ്വയംഭരണ കോളേജുകളിലെ അംഗീകാരം / ഡീമിങ് അംഗീകാരം ഉള്ള സിലബസുകളുടെ ട്രാൻസ്ക്രിപ്റ്റ് വിദേശത്തു സമർപ്പിക്കാനായി നൽകുന്നതും സ്വദേശത്തെ ആവശ്യങ്ങൾക്കായി അത് നൽകാതിരിക്കുന്നതുമായ വിഷയം 31.12.2020-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും, വിദ്യാർത്ഥികൾ ആവശ്യപ്പെടുന്ന പ്രകാരം സ്വയംഭരണ കോളേജുകളിലെ അംഗീകാരം/ ഡീമിങ് അംഗീകാരമുള്ള സിലബസുകളുടെ ട്രാൻസ്ക്രിപ്റ്റ് വിദേശ സർവ്വകലാശാല എന്നോ സ്വദേശ സർവ്വകലാശാലയെന്നോ വിവേചനം ഇല്ലാതെ സർവ്വകലാശാല സിലബസിന്റെ ഒഫിഷ്യൽ ട്രാൻസ്ക്രിപ്റ്റ് നൽകണമെന്ന്, പരാമർശം (1) പ്രകാരം, തീരുമാനിക്കുകയും

ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.പ്രിൻസിപ്പൽ, സ്വയംഭരണ കോളേജുകൾ
4.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5.ഡെപ്യൂട്ടി രജിസ്ട്രാർ I/II/III (അക്കാദമിക്)
6.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7.ഏസി.സി. സെക്ഷൻ
8.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യു.എ.സി.
9.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

Draft #2 of File 41821/AC B7-1/2020/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 14-Jan-2021 04:14 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം